**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6079** **09-07-2024 - ൽ മറുപടിയ്ക്ക്**

**വയനാട്- ഉഡുപ്പി പവർ ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്- ഉഡുപ്പി പവർഹൈവേ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | ഉത്തര മലബാറിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) യുടെ അനുമതി ലഭിച്ച രണ്ട് പദ്ധതികളാണ് ഉഡുപ്പി-കാസർഗോഡ് പദ്ധതിയും കാസർഗോഡ്-വയനാട് പദ്ധതിയും. ഇതിൽ ഉഡുപ്പി മുതൽ കരിന്തളം (കാസർഗോഡ്) വരെയുള്ള 400 കെ.വി ലൈനിന്റെയും കരിന്തളം 400 കെ.വി സബ്സ്റ്റേഷന്റെയും നിർമ്മാണം കേന്ദ്രസർക്കാർ താരിഫ് ബേസ്ഡ് കോംപ്റ്റിറ്റീവ് ബിഡിങ് (TBCB) വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള UKTL (ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ്) കമ്പനിയാണ് നടത്തുന്നത്. ഈ പദ്ധതിയുമായി KSEBL നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽ നിന്ന് കെ എസ് ബി എല്ലിന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br><br>• ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം-115 കിമീ (കേരളം-47 കി മീ, കർണ്ണാടക-68 കി.മീ)<br>• ആകെ ടവറുകളുടെ എണ്ണം-278 എണ്ണം (കേരളം-101, കർണ്ണാടക-177)<br>• ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം (കേരളം-93, കർണ്ണാടക–24)<br>• ടവർ നിർമ്മാണം പൂർത്തിയായത്-80 എണ്ണം (കേരളം–79, കർണ്ണാടക–1)<br>• ലൈൻ നിർമ്മാണം പൂർത്തിയായത്-0.840 കി.മീ |

| | | | |
|---|---|---|---|
| | | | ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽ നിന്നും ലഭിച്ച വിവരം, കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.<br><br>കരിന്തളത്ത് 400 kV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ഉഡുപ്പി-കാസർഗോഡ് ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.<br><br>കരിന്തളത്ത് UKTL സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പള്ളി വരെ 125 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണം, പയ്യമ്പള്ളിയിൽ പുതിയ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് KSEBL നടപ്പിലാക്കുന്നത്. കരിന്തളം-വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ L&T കമ്പനിക്കാണ് നൽകിയിട്ടുള്ളത്. ലൈൻ നിർമ്മാണത്തിന്റെ മൊത്തം പുരോഗതി ഏകദേശം 12% ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ലൈനിന്റെ നീളം-125 കി.മീ (വയനാട് 30 കി.മീ, കണ്ണൂർ 87 കി.മീ, കാസർഗോഡ് 8 കി.മീ)<br>• ടവറുകളുടെ എണ്ണം-360 (വയനാട് 98, കണ്ണൂർ 239, കാസർഗോഡ് 23)<br>• ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത്-106 എണ്ണം (വയനാട്-52, കണ്ണൂർ-31, കാസർഗോഡ്-23)<br>• ടവർ നിർമ്മാണം പൂർത്തിയായത്-64 എണ്ണം (വയനാട്-21, കണ്ണൂർ-22, കാസർഗോഡ്-21)<br><br>ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിലച്ച അവസ്ഥയിലാണ്.<br><br>ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ഉത്തര മലബാറിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) യുടെ അനുമതി ലഭിച്ച രണ്ട് പദ്ധതികളാണ് ഉഡുപ്പി-കാസർഗോഡ് പദ്ധതിയും കാസർഗോഡ്-വയനാട് പദ്ധതിയും. ഇതിൽ ഉഡുപ്പി മുതൽ കരിന്തളം (കാസർഗോഡ്) വരെയുള്ള 400 കെ.വി ലൈനിന്റെയും കരിന്തളം 400 കെ.വി സബ്സ്റ്റേഷന്റെയും നിർമ്മാണം കേന്ദ്രസർക്കാർ താരിഫ് ബേസ്ഡ് കോംപ്റ്റിറ്റീവ് ബിഡിങ് (TBCB) വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള UKTL (ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ്) കമ്പനിയാണ് നടത്തുന്നത്. ഈ പദ്ധതിയുമായി KSEBL നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽ നിന്ന് കെ എസ് ബി എല്ലിന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br><br>• ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം-115 കിമീ (കേരളം-47 കി മീ, കർണ്ണാടക-68 കി.മീ)<br>• ആകെ ടവറുകളുടെ എണ്ണം-278 എണ്ണം (കേരളം-101, കർണ്ണാടക-177)<br>• ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം (കേരളം-93, കർണ്ണാടക–24)<br>• ടവർ നിർമ്മാണം പൂർത്തിയായത്-80 എണ്ണം (കേരളം–79, കർണ്ണാടക–1)<br>• ലൈൻ നിർമ്മാണം പൂർത്തിയായത്-0.840 കി.മീ<br><br>ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽ നിന്നും ലഭിച്ച വിവരം, കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.<br><br>കരിന്തളത്ത് 400 kV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ഉഡുപ്പി-കാസർഗോഡ് ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.<br><br>കരിന്തളത്ത് UKTL സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ |

| | | | |
|---|---|---|---|
| | | | പയ്യമ്പള്ളി വരെ 125 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണം, പയ്യമ്പള്ളിയിൽ പുതിയ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് KSEBL നടപ്പിലാക്കുന്നത്. കരിന്തളം-വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ L&T കമ്പനിക്കാണ് നൽകിയിട്ടുള്ളത്. ലൈൻ നിർമ്മാണത്തിന്റെ മൊത്തം പുരോഗതി ഏകദേശം 12% ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ലൈനിന്റെ നീളം-125 കി.മീ (വയനാട് 30 കി.മീ, കണ്ണൂർ 87 കി.മീ, കാസർഗോഡ് 8 കി.മീ)<br>• ടവറുകളുടെ എണ്ണം-360 (വയനാട് 98, കണ്ണൂർ 239, കാസർഗോഡ് 23)<br>• ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത്-106 എണ്ണം (വയനാട്-52, കണ്ണൂർ-31, കാസർഗോഡ്-23)<br>• ടവർ നിർമ്മാണം പൂർത്തിയായത്-64 എണ്ണം (വയനാട്-21, കണ്ണൂർ-22, കാസർഗോഡ്-21)<br><br>ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിലച്ച അവസ്ഥയിലാണ്.<br><br>ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ച് ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ച് വരികയാണ്. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പവർഹൈവേ കടന്ന് പോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ. മാരുടെ യോഗം വിളിച്ച് ചേർത്ത് തുടർ നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഉത്തര മലബാറിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) യുടെ അനുമതി ലഭിച്ച രണ്ട് പദ്ധതികളാണ് ഉഡുപ്പി-കാസർഗോഡ് പദ്ധതിയും കാസർഗോഡ്-വയനാട് പദ്ധതിയും. ഇതിൽ ഉഡുപ്പി മുതൽ കരിന്തളം (കാസർഗോഡ്) വരെയുള്ള 400 കെ.വി ലൈനിന്റെയും കരിന്തളം 400 കെ.വി സബ്സ്റ്റേഷന്റെയും നിർമ്മാണം കേന്ദ്രസർക്കാർ താരിഫ് ബേസ്ഡ് കോംപറ്റിറ്റീവ് ബിഡിങ് (TBCB) വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള UKTL (ഉഡുപ്പി |

കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ്) കമ്പനിയാണ് നടത്തുന്നത്. ഈ പദ്ധതിയുമായി KSEBL നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽ നിന്ന് കെ എസ് ബി എല്ലിന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

- ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം-115 കിമീ (കേരളം-47 കി മീ, കർണ്ണാടക-68 കി.മീ)
- ആകെ ടവറുകളുടെ എണ്ണം-278 എണ്ണം (കേരളം-101, കർണ്ണാടക-177)
- ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം (കേരളം-93, കർണ്ണാടക–24)
- ടവർ നിർമ്മാണം പൂർത്തിയായത്-80 എണ്ണം (കേരളം–79, കർണ്ണാടക–1)
- ലൈൻ നിർമ്മാണം പൂർത്തിയായത്-0.840 കി.മീ

ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽ നിന്നും ലഭിച്ച വിവരം, കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

കരിന്തളത്ത് 400 kV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ഉഡുപ്പി-കാസർഗോഡ് ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

കരിന്തളത്ത് UKTL സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പള്ളി വരെ 125 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണം, പയ്യമ്പള്ളിയിൽ പുതിയ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് KSEBL നടപ്പിലാക്കുന്നത്. കരിന്തളം-വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ L&T കമ്പനിക്കാണ് നൽകിയിട്ടുള്ളത്. ലൈൻ നിർമ്മാണത്തിന്റെ മൊത്തം പുരോഗതി ഏകദേശം 12% ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ലൈനിന്റെ നീളം-125 കി.മീ (വയനാട് 30 കി.മീ, കണ്ണൂർ 87 കി.മീ, കാസർഗോഡ് 8 കി.മീ)

| | | | |
|---|---|---|---|
| | | | • ടവറുകളുടെ എണ്ണം-360 (വയനാട് 98, കണ്ണൂർ 239, കാസർഗോഡ് 23)<br>• ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത്-106 എണ്ണം (വയനാട്-52, കണ്ണൂർ-31, കാസർഗോഡ്-23)<br>• ടവർ നിർമ്മാണം പൂർത്തിയായത്-64 എണ്ണം (വയനാട്-21, കണ്ണൂർ-22, കാസർഗോഡ്-21)<br><br>ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിലച്ച അവസ്ഥയിലാണ്.<br><br>ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഉഡുപ്പി കാസർഗോഡ് 400 കെ.വി. ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ നഷ്ടപരിഹാര പാക്കേജ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 07.05.2024-ന് വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്**

ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ Hybrid Mode(both offline & online) ൽ ചേർന്ന യോഗം 07.05.2024-ന് ഉച്ചയ്ക്കു ശേഷം 2.30 മണിക്ക് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരം ചുവടെ കൊടുത്തിരിക്കുന്നു :

1. ശ്രീ സണ്ണി ജോസഫ് എം.എൽ.എ. (online)
2. അഡ്വ. സജീവ് ജോസഫ് എം.എൽ.എ (online)
3. ശ്രീ കെ.ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ഡോ. രാജൻ എൻ. ഖോബ്രഗഡെ, ചെയർമാന് & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (online)
5. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, കാസർഗോഡ് (online)
6. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, കണ്ണൂർ (online)
7. ശ്രീ സജി പൗലോസ്, ഡയറക്ടർ (ട്രാൻസ്മിഷൻ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
8. ശ്രീ ജോഷിമോൻ, അസിസ്റ്റന്റ് വൈസ് പ്രസിഡന്റ്, സ്റ്റെർലൈറ്റ് പവർ ലിമിറ്റഡ് (online)

യോഗത്തിന് തുടക്കം കുറിച്ചു കൊണ്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി പങ്കെടുത്ത എല്ലാവരെയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. ഉഡുപ്പി കാസർഗോഡ് വയനാട് ട്രാൻസ്മിഷൻ ലൈനുമായി ബന്ധപ്പെട്ട് ന്യായമായ നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനു വേണ്ടി 15.02.2024 ന് നടത്തിയ യോഗത്തിലെ തീരുമാനമനുസരിച്ച് ഫയൽ സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ഈ വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കുവാൻ വൈദ്യുതി വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തിയ സാഹചര്യത്തിലാണ് ഈ യോഗം വിളിച്ചത് എന്ന് അദ്ദേഹംഅറിയിച്ചു.

ടവർ നിൽക്കുന്ന സ്ഥലത്തിന് ന്യായവിലയുടെ ഇരട്ടിയുടെ 85%- തുകയും ലൈൻ കോറിഡോറിന് ന്യായവിലയുടെ ഇരട്ടിയുടെ 15% തുകയും നൽകുവാൻ കെ.എസ്.ഇ.ബി.എൽ. തയ്യാറാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. ട്രാൻസ്മിഷൻ വിഭാഗം ഡയറക്ടർ അറിയിച്ചു. കഴിഞ്ഞ 10 വർഷങ്ങൾ കൊണ്ട് ഭൂമിയുടെ ന്യായവിലയിൽ ഏകദേശം 264% വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിച്ചിരിക്കുന്നത് ന്യായമായ തുകയാണെന്നും ബഹു. വൈദ്യുതി വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച ബഹു. എം.എൽ.എ. ശ്രീ സണ്ണി ജോസഫ് കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിച്ച നഷ്ടപരിഹാര തുക ആർക്കും തന്നെ സ്വീകാര്യമാവുകയില്ലെന്നും, ഇക്കാര്യത്തിൽ ബോർഡിന് താത്പര്യം ഇല്ലെന്നും അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ പല പ്രാവശ്യം ചർച്ചകൾ നടക്കുന്നുവെങ്കിലും തീരുമാനം ഉണ്ടാകാതെ നീണ്ടു പോകുന്നതിൽ അതൃപ്തി പ്രകടിപ്പിച്ച അദ്ദേഹം,. ഈ വിഷയത്തിൽ ഇതുമായി ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളെ കൂടി ചർച്ചയ്ക്ക് വിളിക്കേണ്ടിയിരുന്നുവെന്നും പറയുകയുണ്ടായി.

കർണ്ണാടകയിൽ അന്തർ സംസ്ഥാന വൈദ്യുതി ലൈനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പാക്കേജിന്റെ വിശദാംശം അറിയിക്കാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, UKTL പ്രതിനിധികളോട് ആവശ്യപ്പെട്ടു. അതനുസരിച്ച് UKTL പ്രതിനിധി ശ്രീ. ജോഷിമോൻ കർണ്ണാടകയിൽ അന്തർസംസ്ഥാന ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഉത്തരവിലെ ചുവടെ ചേർക്കും പ്രകാരമുള്ള വിശദാംശങ്ങൾ യോഗത്തെ അറിയിച്ചു.

a. **The land value for Tower base are @85% of 4 times the value for Rural area and 3 times the value for urban area respectively of Guidance Value of the year 2022-23 or the Stamp Value /Transaction value for average of last three years whichever is higher**

b. **The land value in the width for Right of Way (RoW) corridor due to laying of transmission line @15% of two times Guidance Value of the year 2022-23 or the Stamp Value/ Transaction value for average of last three years, whichever is higher.**

c. **Further Additional compensation for damages to Structure/ Houses/ trees Standing Crops and other valuables to be ascertained through the concerned Authorities.**

തുടർന്ന് സംസാരിച്ച ബഹു. എം.എൽ.എ. ശ്രീ സണ്ണി ജോസഫ് സർക്കാരിന്റെ ഭാഗത്തു നിന്നും ക്രിയാത്മകമായ നിർദ്ദേശത്തോടു കൂടി ആക്ഷൻ കമ്മിറ്റി പ്രതിനിധികളെയും ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടിയിരുന്നുവെന്നും ഈ യോഗം ബഹിഷ്കരിക്കുകയാണെന്നും അറിച്ചു. നഷ്ടപരിഹാര പാക്കേജിന് അന്തിമ രൂപം നൽകുന്നതിനു മുൻപ് ആക്ഷൻ കമ്മിറ്റിയുടെ പ്രതിനിധികളുമായി തീർച്ചയായും ചർച്ച നടത്തുമെന്ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി അറിയിച്ചു.

ഭൂവുടമകൾ മിക്കവരും കർഷകരാണെന്നും നഷ്ട പരിഹാര പാക്കേജ് വൈകുന്നത് അവർക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്നും ബഹു. എം.എൽ,എ. അഡ്വ സജീവ് ജോസഫ് പറഞ്ഞു. ടവർ നിൽക്കുന്ന സ്ഥലത്തിന് മാർക്കറ്റ് വിലയുടെ ഇരട്ടിയോ അല്ലെങ്കിൽ ന്യായവിലയുടെ അഞ്ചിരട്ടിയോ ലഭിക്കണമെന്നും ലൈൻ കോറിഡോറിന് ആനുപാതികമായ നഷ്ടപരിഹാരവും ലഭിക്കണവുമെന്നാണ് ഭൂവുടമകൾ ആവശ്യപ്പെടുന്നതെന്നും അദ്ദേഹം അറിയിച്ചു. ഇടമൺ-കൊച്ചി നഷ്ടപരിഹാര പാക്കേജിനു തുല്യമായ നഷ്ടപരിഹാരം എങ്കിലും നൽകണമെന്നും ഇനിയും സമയം വൈകാതെ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് അദ്ദേഹവും മീറ്റിംഗിൽ നിന്നും **left** ആയി.

തുടർന്ന് സംസാരിച്ച ഊർജ്ജ വകപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, **UKTL** കൈകാര്യം ചെയ്യുന്ന ഉഡുപ്പി-കാസർഗോഡ് അന്തർ സംസ്ഥാന ലൈനുമായി ബന്ധപ്പെട്ട വിഷയവും ഇതിനു തുടർച്ചയായി സംസ്ഥാന അതിർത്തിക്കകത്ത് കെ.എസ്.ഇ.ബി.എൽ. കൈകാര്യം ചെയ്തു വരുന്ന കാസർഗോഡ് - വയനാട് ലൈനുമായി ബന്ധപ്പെട്ട വിഷയവും പ്രത്യേകമായി കൈകാര്യം ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചു. കർണ്ണാടകത്തിൽ അന്തർ സംസ്ഥാന വൈദ്യുതി ലൈനുകളുടെ കാര്യത്തിൽ സർക്കാർ ഇടപെടുന്നില്ലെന്നും ജില്ലാ കലക്ടർമാർ നഷ്ട പരിഹാര തുക നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്തു വരുന്നതെന്നും അദ്ദേഹം അറിയിച്ചു. **UKTL** കൈകാര്യം ചെയ്യുന്ന പ്രദേശത്തെ സംബന്ധിച്ച് കർണ്ണാടകയിൽ

ചെയ്തതു പോലെയുള്ള അതേ രീതിയിൽ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശിച്ചു കൊണ്ട് കത്ത് നൽകാവുന്നതാണെന്നും സംസ്ഥാനത്തിനകത്ത് കെ.എസ്.ഇ.ബി.എൽ. നടത്തുന്ന ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ധനകാര്യ വകുപ്പുമായി ആശയ വിനിമയം നടത്തുകയും ചെയ്ത ശേഷം അന്തിമ രൂപം നൽകാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച കെ.എസ്.ഇ.ബി എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കർണ്ണാടകയിൽ UKTL പിന്തുടർന്നു വരുന്ന പാക്കേജ് തന്നെ കെ.എസ്.ഇ.ബി.എൽ. നിർമ്മിക്കുന്ന ലൈനുകളുടെ കാര്യത്തിലും നൽകുന്ന കാര്യം പരിഗണിക്കാമെന്നും എന്നാൽ അതിനായി സർക്കാരിന്റെ ഭാഗത്തു നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അല്ലാത്ത പക്ഷം കെ.എസ്.ഇ.ബി.എൽ. മുടക്കുന്ന തുക താരിഫിന്റെ ഭാഗമായി മാറുമെന്നും ആയത് വൻ തോതിലുള്ള നിരക്ക് വർദ്ധനവിന് കാരണമാകുമെന്നും അഭിപ്രായപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിൽ ശൃംഖലാ നവീകരണവുമായി ബന്ധപ്പെട്ട് അതാത് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന് സംസാരിച്ച ബഹു. വൈദ്യുതി വകുപ്പ് മന്ത്രി അധികം താമസിക്കാതെ തന്നെ സംഘടനകളെ ചർച്ചയ്ക്ക് വിളിക്കാമെന്ന് അറിയിച്ചു.

യോഗം വൈകിട്ട് 3.30 ന് അവസാനിച്ചു.

<u>**യോഗ തീരുമാനങ്ങൾ**</u>

1. ഉഡുപ്പി കാസർഗോഡ് വയനാട് പവർ ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിൽ UKTL മുഖേന നടത്തുന്ന അന്തർ സംസ്ഥാന ലൈനിന്റെ കാര്യത്തിൽ കർണ്ണാടകത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്ന മാതൃകയിൽ നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകുക (നടപടി : ഊർജ്ജ വകുപ്പ്)

2. കർണ്ണാടകയിൽ UKTL നടപ്പിലാക്കി വരുന്ന പാക്കേജിന്റെ പകർപ്പ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സംസ്ഥാനത്തിനകത്ത് നിർമ്മിക്കുന്ന ലൈനിന്റെ കാര്യത്തിൽ

നഷ്ടപരിഹാരത്തിനുള്ള പ്രപ്പോസൽ പുതുക്കി സമർപ്പിക്കുക (നടപടി : KSEBL)

3. ആക്ഷൻ കമ്മിറ്റി പ്രതിനിധികളുമായി കൂടി വിശദമായ ചർച്ച നടത്തി സംസ്ഥാനത്തിനകത്ത് നിർമ്മിക്കുന്ന ലൈനിന്റെ കാര്യത്തിൽ നീതിയുക്തമായ നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കുക (നടപടി : ഊർജ്ജ വകുപ്പ്/ കെ.എസ്.ഇ.ബി.എൽ.)